പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 801 08.03.2012 - ലെ മറുപടി

## കെ.എസ്.ആർ.ടി.സി ബസ്സുകളുടെ അറ്റകുറ്റപ്പണികൾ

ചോദ്യം | ഉത്തരം

ശ്രീ. സാജുപോൾ

ശ്രീ. വി.എസ്. ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സമയബന്ധിതമായി ബസ്സുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാകാത്തുമൂലം സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പുകളിൽ എത്ര ബസ്സുകൾ വീതം കട്ടപ്പുറത്തിരിപ്പുള്ളതായി അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി യിലെ 5,796 ബസ്സുകളും എ.സി. ലോ ഫ്ളോർ, സെമി ലോ ഫ്ളോർ,ഉൾപ്പെടെയുള്ള 287 ബസ്സുകളും (JnNURM) ചേർത്ത് ആകെ 6,083 ബസ്സുകളിൽ 746 എണ്ണം വലുതും ചെറുതുമായ പണികൾക്കായി കെ.എസ്.ആർ.ടി.സി യുടെ വർക്ക്ഷോപ്പുകളിലും, ഗ്യാരേജുകളിലുമായി പിടിച്ചിട്ടിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബസ്സുകളും മിനി ബസ്സുകളും അറ്റകുറ്റപ്പണി കഴിഞ്ഞ് പുറത്തിറക്കിയിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ കെ.എസ്.ആർ.ടി.സി.യിലെ 5,730 ബസ്സുകളും എ.സി. ലോ ഫ്ളോർ, സെമി ലോ ഫ്ളോർ ഉൾപ്പെടെയുള്ള 200 ബസ്സുകളും (JnNURM) ചേർത്ത് ആകെ 5,930 ബസ്സുകളിൽ 819 എണ്ണം വലുതും ചെറുതുമായ പണികൾക്കായി കെ.എസ്.ആർ.ടി.സിയുടെ വർക്ക്ഷോപ്പുകളിലും, ഗ്യാരേജുകളിലുമായി പിടിച്ചിട്ടിരുന്നു. |

| | | | |
|---|---|---|---|
| | | | എന്നാൽ എ പിരിവിൽ വിശദീകരിച്ച പ്രകാരം നിലവിൽ 746 ബസ്സുകൾ പണികൾക്കായി പിടിച്ചിട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ ആകെ ബസ്സുകളുടെ എണ്ണത്തിൽ 13.81% ബസ്സുകൾ **off-road** ആയിരുന്നു. ആയത് നിലവിൽ 12.26% ആയി കുറയ്ക്കുവാൻ കഴിഞ്ഞു. |
| (സി) | എന്തുകൊണ്ടാണ് അറ്റകുറ്റപ്പണികൾ വൈകുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | അറ്റകുറ്റ പ്പണികൾക്ക് കാലതാമസം നേരിടുന്നില്ല. |

സെക്ഷൻ ഓഫീസർ